**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6044** **17-03-2023 - ൽ മറുപടിയ്ക്ക്**

**നികുതി സംബന്ധിച്ച കേസുകളിലെ സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോടതി വ്യവഹാരങ്ങളിൽ പെട്ട് സ്റ്റേയിൽ കിടക്കുന്ന നികുതി സംബന്ധിച്ച കേസുകളുടെ വിശദാംശം നൽകാമോ; | (എ) | **സംസ്ഥാനത്ത് കോടതി വ്യവഹാരങ്ങളിൽ പെട്ട് സ്റ്റേയിൽ കിടക്കുന്ന നികുതി സംബന്ധിച്ച കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത കേസുകളുടെ സ്റ്റേ നീക്കുന്നതിനും നികുതി പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സി. &എ.ജി. -യുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ഉണ്ട്.** |
| (സി) | പ്രസ്തുത കേസുകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് ജോയിന്റ് കമ്മീഷണറുടെ (നിയമം) കീഴിൽ ഒരു വിഭാഗം പ്രവർത്തിച്ചുവരികയാണ്. ഇവർ ഗവൺമെന്റ് പ്ലീഡർമാരുമായി നിരന്തരം ചർച്ചകൾ നടത്തുകയും കേസുകൾ വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ എടുത്തുവരികയുമാണ്. കേസുകളുടെ ബാഹുല്യം കാരണം നിലവിലുള്ള ഹൈക്കോടതി ജഡ്ജിമാർക്ക് കൂടുതൽ കേസുകൾ തീർപ്പാക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറലുമായി ഈ വിഷയം ചർച്ച ചെയ്യുകയും നികുതി കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിന് ഹൈക്കോടതിയുടെ ഒരു ബെഞ്ച് കൂടി രൂപീകരിക്കേണ്ടുന്നതിന്റെ ആവശ്യകത പെന്റിംഗ് കേസുകളുടെ വിശദാംശങ്ങൾ സഹിതം ഹൈക്കോടതി രജിസ്ട്രാർ മുഖേന ബഹു. ചീഫ് ജസ്റ്റിസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| അപ്പീൽ ഇനം | എണ്ണം |
|---|---|
| Writ Petition (Civil) | 1262 |
| Other Tax Revision Cases | 51 |
| Original Petition (Tax) | 7 |
| Sales Tax Revision | 13 |
| ആകെ | 1333 |

Jasmin

സെക്ഷൻ ഓഫീസർ